## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 5538 — 02.11. 2016 ൽ മറുപടിക്ക്

### ഊർജ്ജ ഓഡിറ്റിംഗ്

**ചോദ്യം**

ശ്രീ.റോജി.എം.ജോൺ
" കെ.മുരളീധരൻ
" എൽദോസ് കുന്നപ്പിള്ളി
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

**ഉത്തരം**

ശ്രീ.കടകംപള്ളി സുരേന്ദ്രൻ
(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)സംസ്ഥാനത്ത് ഊർജ്ജ ഓഡിറ്റിംഗ് പദ്ധതി പ്രകാരം മുൻ ഗവൺമെന്റ് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഊർജ്ജ രംഗത്ത് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) ഊർജ്ജ ഓഡിറ്റിംഗ് പദ്ധതി പ്രകാരം മുൻ ഗവൺമെന്റ് ഊർജ്ജ രംഗത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു<br>• സംസ്ഥാനത്തെ എല്ലാ വൻകിട (HT/EHT) വൈദ്യുതി ഉപഭോക്താക്കൾക്കും ഊർജ്ജ ആഡിറ്റ് നിർബന്ധമാക്കി.<br>• പൊതു കെട്ടിടങ്ങളെ മാതൃകാ ഊർജ്ജകാര്യക്ഷമ കെട്ടിടങ്ങളാക്കുന്നതിനായി മുപ്പതോളം സ്ഥാപനങ്ങളിൽ ഇൻവസ്റ്റ്മെന്റ് ഗ്രേഡ് ഊർജ്ജ ഓഡിറ്റ് നടത്തിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് നടപ്പിലാക്കുന്നതിലൂടെ ഊർജ്ജലാഭം നേടാമെന്ന് കണ്ടെത്തുകയും 8 സ്ഥാപനങ്ങളിൽ റിപ്പോർട്ട് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ഊർജ്ജകാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും, ഫാനുകളും, മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയ എൽ.ഇ.ഡി ലൈറ്റുകളും, ബി.ഇ.ഇ. സ്റ്റാർ റേറ്റഡ് ഫാനുകളും സ്ഥാപിച്ചിട്ടുണ്ട്.<br>1. ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം<br>2. വികാസ്ഭവൻ, തിരുവനന്തപുരം<br>3. സിവിൽ സ്റ്റേഷൻ, കോഴിക്കോട്<br>4. സിവിൽ സ്റ്റേഷൻ, തൃശ്ശൂർ<br>5. സിവിൽ സ്റ്റേഷൻ, എറണാകുളം<br>6. സിവിൽ സ്റ്റേഷൻ, കോട്ടയം<br>7. ഹൈക്കോടതി കെട്ടിടം, കൊച്ചി<br>8. വൈലോപ്പിള്ളി സംസ്കൃതിഭവൻ, തിരുവനന്തപുരം<br>• കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വൻകിട ഉപഭോക്താക്കൾ, ആശുപത്രികൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ, തുടങ്ങിയവയിൽ എനർജി ആഡിറ്റിംഗ് നടത്തിയിട്ടുണ്ട്. |

| | |
|---|---|
| (ബി) ഈ പദ്ധതി അനുസരിച്ച് എന്തെല്ലാം കർമ്മ പരിപാടികളാണ് ഈ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ളത്;വിശദാംശങ്ങൾ നൽകുമോ;<br>(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | (ബി) & (സി) വൻകിട ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുവേണ്ടി നാളിതുവരെ ഇ.എം.സി 36 സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്. ഊർജ്ജ ആഡിറ്റ് നടത്തുന്നതിനായുള്ള ഈ എനർജി ആഡിറ്റ് സ്ഥാപനങ്ങളുടെ പട്ടിക ഇ.എം.സി യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതു/സർക്കാർ മേഖലയിൽ ഊർജ്ജ ആഡിറ്റ് പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി സംസ്ഥാനത്തിലെ HT/EHT ഊർജ്ജ ഉപഭോക്താക്കളായ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 50% (പരമാവധി 50,000 രൂപ) നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുവേണ്ടി 2016-17 സാമ്പത്തികവർഷത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഏകദേശം 10.25 ലക്ഷം സ്ക്വയർഫീറ്റ് കെട്ടിടത്തിൽ സമഗ്ര എനർജി ഓഡിറ്റിംഗ് നടന്നു വരുന്നു. ഊർജ്ജ ആഡിറ്റിംഗിനായി ആവശ്യമുള്ള എല്ലാ സൂക്ഷ്മ ഉപകരണങ്ങളും കെ.എസ്.ഇ.ബി ലഭ്യമാക്കിയിട്ടുണ്ട്. |
| | |

സെക്ഷൻ ഓഫീസർ